## മധുരമായ കുട്ടികളേ, ജീവിച്ചിരിക്കേ മർജീവയാകൂ, ഞാൻ അശരീരി ആത്മാവാണ്, ഈ ഒന്നാമത്തെ പാഠം നല്ലരീതിയിൽ ദിവസേന ഉറപ്പിച്ചുകൊണ്ടേയിരിക്കൂ.

**ചോദ്യം:-** സമ്പൂർണ്ണമായും സമർപ്പണമായവരെന്ന് (സറണ്ടർ) ആരെ പറയാൻ കഴിയും?
**ഉത്തരം:-** ആരാണോ സമ്പൂർണ്ണമായും സമർപ്പണമായിരിക്കുന്നത് അവർ ദേഹി-അഭിമാനിയായിരിക്കും. ഈ ദേഹവും എന്റെയല്ല, ഇപ്പോൾ നാം നഗരാകുകയാണ് അതായത് ശരീരം, മനസ്സ്, ധനം എന്തെല്ലാമാണോ ഉള്ളത്, അതെല്ലാം ബാബക്ക് അർപ്പണം ചെയ്യുകയാണ്. എല്ലാ എന്റെ-എന്റേതുകളും സമാപ്തമാക്കി ട്രസ്റ്റിയായി (സൂക്ഷിപ്പുകാരൻ) ഇരിക്കുന്നതിനെ തന്നെയാണ് സമ്പൂർണ്ണ സമർപ്പണമാകുകയെന്ന് പറയുന്നത്. ബാബ പറയുന്നു, കുട്ടീ, എന്റേതായി എല്ലാറ്റിൽ നിന്നും മമത്വം ഇല്ലാതാക്കൂ. ജോലി വേലകൾ ചെയ്തുകൊള്ളൂ, സംരക്ഷിച്ചുകൊള്ളൂ, അച്ഛനമ്മമാരുടെ പാലനയുടെ കടം തീർത്തുകൊള്ളൂ, പക്ഷെ ബാബയുടെ ശ്രീമതപ്രകാരം സൂക്ഷിപ്പുകാരനായിരിക്കൂ.

**ഗീതം:-** പ്രതിജ്ഞയെടുത്ത് വാതിൽക്കൽ വന്നിരിക്കുന്നു....

**ഓം ശാന്തി.** കുട്ടികൾ ഗീതം കേട്ടു. തീർച്ചയായും ഗീതത്തിൽ രഹസ്യം അടങ്ങിയിട്ടുണ്ട്, അതിന്റെ അർത്ഥമാണ് ബാബയിരുന്ന് മനസ്സിലാക്കിത്തരുന്നത്. ഇതിനെയാണ് പറയുന്നത് ജീവിച്ചിരിക്കേ മരിച്ച് ബാബയുടെതായി മാറുകയെന്നത്. അച്ഛന്റേതായി മാറിയതിനുശേഷമാണ് ടീച്ചറേയും ഗുരുവിനേയും സ്വീകരിക്കുന്നത്. എല്ലാവരും ലൗകിക ഗുരുവിനെ സ്വീകരിക്കുന്നു എന്നുമില്ല. ധാരാളം പേർ ഗുരുവിനെ വെക്കാറുണ്ട്. ക്രിസ്ത്യാനികളും കുട്ടി പിറന്നാൽ ക്രിസ്ത്യാനിയാക്കുന്നു(മാമോദീസ). ഗുരുവിന്റെ മടിയിലിരുത്തുന്നു, പാദിരിയായിരിക്കാം അല്ലെങ്കിൽ വേറെ വല്ലവരുമായിരിക്കാം. പാദിരിയാണെങ്കിൽ ക്രിസ്തുവൊന്നുമല്ലല്ലോ. പറയുന്നു, അദ്ദേഹത്തിന്റെ പേരിൽ ഞാൻ ക്രിസ്ത്യാനിയാകുന്നു. ഇപ്പോൾ നിങ്ങൾ കുട്ടികൾക്കറിയാം ആദ്യമാദ്യം നാം ബാബയുടേതായി മാറുന്നു. തന്റെ ശരീരം, മനസ്സ്, ധനം എന്തെല്ലാമുണ്ടോ, അതെല്ലാം ബാബയ്ക്ക് അർപ്പണം ചെയ്യുന്നു. ജീവിച്ചിരിക്കേ മരിക്കുന്നു, അതായത് നാം ആത്മാക്കൾ ബാബയുടേതായിമാറുന്നു. ഇത് ബുദ്ധിയിലിരിക്കേണ്ടതാണ്. എന്തെല്ലാം എന്റെ, എന്റേതായിട്ടുണ്ടോ- എന്റെ ശരീരം, എന്റെ ധനം, സമ്പത്ത്, സംബന്ധികൾ മുതലായവരാരെല്ലാമുണ്ടോ എല്ലാവരേയും മറക്കുന്നു. മരിച്ചതിനുശേഷം എല്ലാം മറക്കുന്നു. എത്ര വലിയ ലക്ഷ്യമാണ്! ഞാൻ അശരീരി ആത്മാവാണ്, ഇത് പക്കയായിരിക്കണം. ഇതിനർത്ഥം നിങ്ങൾ ശരീരം വിടുന്നു അഥവാ മരിക്കുന്നു എന്നല്ല, ആത്മാവ് സമ്പൂർണ്ണ പവിത്രമായി മാറിയിട്ടില്ലല്ലോ. ശരി, ബാബയുടേതായി മാറി, പക്ഷെ ബാബ പറയുന്നു നിങ്ങളുടെ ആത്മാവ് അപവിത്രമാണ്. ആത്മാവിന്റെ ചിറകുകൾ മുറിഞ്ഞിരിക്കുകയാണ്. ഇപ്പോൾ ആത്മാവിന് പറക്കാൻ കഴിയുകയില്ല. തമോപ്രധാനമായതു കാരണം ഒരാത്മാവിനും തിരിച്ചു പോകാൻ കഴിയുകയില്ല. മായ തീർത്തും ചിറക് മുറിച്ചിരിക്കുകയാണ്. ബാബ മനസ്സിലാക്കിത്തന്നിട്ടുണ്ട് ആത്മാവ് പറക്കും പക്ഷികളാണ്. ഏറ്റവും വേഗത്തിൽ പോകുന്നു. അതിലും വേഗതയുള്ള മറ്റൊരു വസ്തുവുമില്ല. ആത്മാവിനോടൊപ്പം വേറൊന്നിനും എത്താൻ കഴിയുകയില്ല. അവസാന സമയം കൊതുകിൻ കൂട്ടത്തെപ്പോലെ എല്ലാ ആത്മാക്കളും പറന്നുപോകും. എവിടെപ്പോകും? വളരെ, വളരെ അകലെ, സൂര്യ-ചന്ദ്രനെക്കാളും അകലെ. അവിടെ നിന്ന് പിന്നെ മടങ്ങി വരേണ്ടതില്ല. അവരുടെ റോക്കറ്റും മറ്റും പോയതിനുശേഷം മടങ്ങി വരുന്നു. സൂര്യന്റെ അടുത്തുവരെ പോകാൻ കഴിയുകയില്ല. നിങ്ങൾക്കാണെങ്കിൽ അവിടെ നിന്നും വളരെ ദൂരെ പോകണം. സൂക്ഷ്മവതനത്തിന്റേയും മുകളിൽ മൂലവതനത്തിൽ പോകണം. പെട്ടെന്ന് പോകുന്നു. ആത്മാവിന് ചിറക് ലഭിച്ചിരിക്കുകയാണ്. കണക്കുകളെല്ലാം അവസാനിപ്പിച്ച് ആത്മാവ് പവിത്രമായി മാറുന്നു. ഈ കണക്കെടുപ്പിന്റെ സമയത്തെക്കുറിച്ച് വളരെയധികം എഴുതപ്പെട്ടിട്ടുണ്ട്. എല്ലാ ആത്മാക്കൾക്കും കണക്കുകൾ അവസാനിപ്പിച്ചുവേണം പോകാൻ. ഇപ്പോൾ എല്ലാ ആത്മാക്കളും അഴുക്കുപുരണ്ട പാപാത്മാക്കളാണ്. ഇവിടെ തന്നെ പുനർജ്ജന്മം എടുത്തുകൊണ്ടിരിക്കുന്നു. നിങ്ങൾ കുട്ടികൾക്കറിയാം ഇത് പരിധിയില്ലാത്ത ഡ്രാമയാണ്. എല്ലാ അഭിനേതാക്കൾക്കും പാർട്ടഭിനയിക്കുന്നതിന് അവിടെ നിന്ന് തീർച്ചയായും ഇവിടെ വരണം. എല്ലാ ആത്മാക്കൾക്കും സ്റ്റേജിൽ വരണം, വിനാശത്തിന്റെ സമയമാകുമ്പോൾ എല്ലാവരും എത്തിച്ചേരുന്നു. അവിടെയിരുന്ന് എന്തു ചെയ്യാനാണ്. അഭിനേതാക്കൾ പാർട്ടഭിനയിക്കാതെ വീട്ടിലിരിക്കുകയില്ലല്ലോ, നാടകത്തിൽ തീർച്ചയായും വരേണ്ടിയിരിക്കും. അവിടെനിന്ന് എല്ലാവരും ഇവിടെ വരുമ്പോൾ ബാബ പിന്നീട് അവരെ തിരിച്ച് കൊണ്ടുപോകുന്നു. ബാബ പറയുന്നു, ഞാൻ ഇവിടെ വന്നാലും ആത്മാക്കൾ വന്നുകൊണ്ടിരിക്കുന്നു. ജനസംഖ്യ കൂടിക്കൊണ്ടേയിരിക്കുന്നു. നിങ്ങൾ തിരിച്ചുപോകുന്നതും യഥാക്രമമായിരിക്കും. എല്ലാം നിങ്ങളുടെ സ്ഥിതിയെ ആശ്രയിച്ചിരിക്കും അതുകൊണ്ട് മർജീവയായി മാറണം.

ഞാൻ ആത്മാവാണെന്നുള്ള നിശ്ചയം വരുന്നതിൽ പരിശ്രമമുണ്ട്. കുട്ടികൾ ഇടക്കിടെ ദേഹ–അഭിമാനത്തിൽ വന്ന് മറന്നുപോകുന്നു. ദേഹീ–അഭിമാനിയെന്ന് പൂർണ്ണമായും സമർപ്പിതമായാലേ പറയാൻ കഴിയൂ. ബാബാ, ഇതെല്ലാം അങ്ങയുടെയാണ്. ഞാനും അങ്ങയുടെയാണ്. ഈ ദേഹം തന്നെ എന്റെയല്ല എന്ന പോലെ. ഇതിനെ ഞാൻ ഉപേക്ഷിക്കുന്നു. ബാബാ, ഞാൻ അങ്ങയുടേതാണ്. ബാബ പറയുന്നു എന്റേതായി മാറി സർവ്വരിൽ നിന്നും മമത്വം ഇല്ലാതാക്കൂ. അല്ലാതെ എല്ലാം ഉപേക്ഷിച്ച് ഇവിടെ വന്നിരിക്കണം എന്നല്ല. നിങ്ങൾക്ക് നിങ്ങളുടെ ഉപജീവന മാർഗ്ഗങ്ങൾ ചെയ്യേണ്ടതായിട്ടുണ്ട്. വീട് നോക്കണം, കുട്ടികളോടുള്ള കടമ നിറവേറ്റണം. മാതാപിതാക്കളുടെ സേവനം ചെയ്ത് അവരോടുള്ള കടപ്പാട് തീർക്കണം. കുട്ടികളിൽ അച്ഛനമ്മമാരുടെ പാലനയുടെ കടമുണ്ട്. ഇപ്പോൾ ഈ അച്ഛൻ നിങ്ങളുടെ പാലന ചെയ്തുകൊണ്ടിരിക്കുകയാണ്, അതുകൊണ്ട് ആദ്യം തന്നെ നിങ്ങളെ സറണ്ടർ ചെയ്യിപ്പിക്കുന്നു. എല്ലാം നൽകൂ. അതുകൊണ്ട് നിങ്ങളുടെ പാലനയും നടക്കും. ഇത് ശിവബാബയുടെ ഭണ്ഢാരിയാണ്. മാതാ–പിതാക്കൾ നിങ്ങൾ കുട്ടികളുടെ സംരക്ഷണം ചെയ്തുകൊണ്ടിരിക്കുകയാണ്. തുടക്കത്തിൽ ആരെല്ലാം വന്നുവോ അവർ പെട്ടെന്ന് സറണ്ടറായി. തന്റെ പക്കൽ ഒന്നും വച്ചില്ല. സറണ്ടറായാൽ പിന്നീട് ആ ധനത്തിൽ നിന്ന് അനുവാദമില്ലാതെ ധനം മുതലായതൊന്നും ആർക്കും കൊടുക്കാൻ കഴിയുകയില്ല. പുരാണങ്ങളിൽ ഹരിശ്ചന്ദ്രന്റെ കഥ കാണിച്ചിട്ടുണ്ടല്ലോ. വാസ്തവത്തിൽ അങ്ങിനെ ഒരു സംഭവമൊന്നുമില്ല. ഭാരതം തികച്ചും പവിത്രമായിരുന്നു. ഭാരതവാസികളെപ്പോലെ സുഖികളും പവിത്രമായവരും വേറെ ആരുമില്ല. ഭാരതം ഏറ്റവും വലിയ തീർത്ഥസ്ഥാനമാണ് ഇവിടെ പതിത–പാവനനായ ബാബ വന്ന് മുഴുവൻ സൃഷ്ടിയേയും, തത്വങ്ങളേയും പാവനമാക്കി മാറ്റുന്നു.

ഇപ്പോൾ ഈ തത്വങ്ങളെല്ലാം നിങ്ങളുടെ ശത്രുക്കളാണ്. ഭൂമികുലുക്കങ്ങളുണ്ടാകും, കൊടുങ്കാറ്റുകളുണ്ടാകും, കാരണം തമോപ്രാധാനമാണ്. പ്രകൃതിക്ഷോഭങ്ങൾ വരും, വളരെ ദുഃഖം നൽകും. ഈ സമയത്ത് എല്ലാം ദുഃഖത്തിന്റെ സാധനങ്ങളാണ്. സത്യയുഗത്തിൽ എല്ലാം സുഖത്തിന്റെ സാധനങ്ങളായിരിക്കും. അവിടെ ഈ കൊടുങ്കാറ്റോ ചൂടുകാറ്റോ ഉണ്ടാകുകയില്ല. നിങ്ങളിൽ വളരെ കുറച്ചുപേർ മാത്രമേ ഇത് മനസ്സിലാക്കുന്നുള്ളൂ. ഇന്ന് ഉണ്ട്, നാളെ ഇല്ല, അർത്ഥം ഒന്നും മനസ്സിലായിട്ടില്ല. ഇവിടെ വരുന്നു, എല്ലാവരും ഇവിടെ വന്നുകൊണ്ടേയിരിക്കുമോ. ഇവിടെ നിന്ന് പോയി 10 ദിവസം കഴിഞ്ഞാൽ വാർത്ത വരും ഇന്ന ആളെ മായ വിഴുങ്ങി. അങ്ങിനെ നടന്നുകൊണ്ടേയിരിക്കുന്നു. ചെറിയ പുഷ്പമാണ്, വലിയ പുഷ്പമായാൽ മാത്രമേ അതിൽ ഫലമുണ്ടാകുകയുള്ളൂ. ഫലം വന്നാലെ മറ്റുള്ളവരെ തനിക്കു സമാനമാക്കാനുള്ള ശക്തിയുണ്ടാകൂ. അവരുടെ ഫലം ഉണ്ടായിക്കൊണ്ടേയിരിക്കും. ബാബയുടേതായി മാറിയെങ്കിൽ പ്രജകളേയും ഉണ്ടാക്കണം. അധികാരികളേയും ഉണ്ടാക്കണം. വഴികാട്ടിയായി ബാബയുടെ പക്കൽ വന്നു, ഞാൻ എത്തിക്കഴിഞ്ഞു അങ്ങിനെയല്ല, ലക്ഷ്യം വളരെ ഉയർന്നതാണ്. പറയുന്നു, മായയുടെ കൊടുങ്കാറ്റുകൾ വരുന്നു. എന്താ, നിങ്ങൾ ബാബയുടെ കുട്ടികളല്ലേ, കൊടുങ്കാറ്റുകൾ വരും. പറയുന്നു, ബാബാ, ഞാൻ അങ്ങയുടെതായിരുന്നു, അങ്ങയിൽ നിന്ന് സമ്പത്തെടുത്തിരുന്നു, പിന്നീട് പുനർജ്ജന്മമെടുത്തെടുത്ത് 84 ജന്മം കഴിഞ്ഞ് വീണ്ടും അങ്ങയുടേതായിരിക്കുകയാണ്. ഞാൻ അങ്ങയിൽ നിന്ന് തീർച്ചയായും സമ്പത്തെടുക്കും. എങ്കിൽ അങ്ങിനെയുള്ള ബാബയെ എത്ര ഓർമ്മിക്കണം, മാത്രമല്ല മറ്റുള്ളവരെ തനിക്ക് സമാനമാക്കി ഫലവും നൽകേണ്ടതായിട്ടുണ്ട്. അല്ലെങ്കിൽ എങ്ങിനെ അധികാരിയായി മാറാൻ കഴിയും. പ്രജകളും വേണം, അധികാരികളും വേണം, അപ്പോൾ സിംഹാസനത്തിലിരിക്കാം. ബാബയുടെ പക്കൽ വളരെ പേർ വരുന്നുണ്ട്, പിന്നീട് വിട്ടുപോകുന്നു. ബുദ്ധിയുടെ യോഗം മുറിഞ്ഞാൽ കളി അവസാനിച്ചു.

ചില കുട്ടികൾ വന്ന് ബാബയോട് ചോദിക്കാറുണ്ട് – ബാബാ, അവസ്ഥയെ എങ്ങിനെ സ്ഥിരതയുള്ളതാക്കി മാറ്റാം? ഒരു കൊടുങ്കാറ്റും വരാത്തതാക്കി മാറ്റാം? അവർക്ക് വഴി പറഞ്ഞുകൊടുത്തുകൊണ്ടേയിരിക്കുകയാണ്, കുട്ടികളേ ബാബയെ ഓർമ്മിക്കൂ. കൊടുങ്കാറ്റുകൾ വരും. മല്ലയുദ്ധത്തിൽ എപ്പോഴെങ്കിലും ഇങ്ങിനെ കണ്ടിട്ടുണ്ടോ, അതായത് ഒരാൾ മാത്രം അടി വാങ്ങിക്കൊണ്ടേയിരിക്കും. തീർച്ചയായും രണ്ടുപേർക്കും ധൈര്യമുണ്ടാകും. ഒരാൾ ഒന്നടിച്ചാൽ മറ്റേ ആൾ പത്തടിക്കും. ഇതും മല്ലയുദ്ധമാണ്. ബാബയെ ഓർമ്മിച്ചുകൊണ്ടേയിരിക്കുകയാണെങ്കിൽ മായ ഓടിപ്പോകും. എന്നാൽ ഇത് പെട്ടെന്നൊന്നും ആകുകയില്ല. മായയുമായി ഗുസ്തി ചെയ്യുകതന്നെ വേണം. ഇങ്ങിനെ ഒരിക്കലും കരുതേണ്ട മായ അടിക്കുകയില്ല. ആരുതന്നെയായാലും വലിയ മല്ലയുദ്ധമാണ്. വളരെപേർ പേടിച്ചുപോകുന്നു. മായ മൂക്കിനു പിടിക്കുന്നു. ഇത് മല്ലയുദ്ധമല്ലേ. ബുദ്ധിയോഗം വെക്കുന്നതിൽ മായ വളരെ വിഘ്നങ്ങൾ കൊണ്ടുവരും. പരിശ്രമം മുഴുവൻ യോഗത്തിലാണ്. ബാബ പറയാറുണ്ട്, ജ്ഞാനി ആത്മാക്കൾ എനിക്ക് പ്രിയപ്പെട്ടവരാണ്. എന്നാൽ ഇങ്ങിനെയുമല്ല കേവലം ജ്ഞാനം നൽകുന്നവർ എനിക്ക് പ്രിയമാണ്. ആദ്യം പൂർണ്ണമായും യോഗം വേണം. ബാബയെ ഓർമ്മിക്കണം. മായയുടെ വിഘ്നങ്ങളെ കണ്ട് പേടിച്ചുപോകരുത്. വിശ്വത്തിന്റെ അധികാരിയാകുകയാണ്. 16108–ന്റെ മാല വളരെ വലുതാണ്. അവസാനമേ ഇത് പൂർത്തിയാകുക

യുള്ളൂ. ത്രേതായുഗം അവസാനമാകമ്പോഴേക്കും ഇത്രയും രാജകുമാരന്മാരും രാജകുമാരിമാരുമുണ്ടായിരിക്കും. ചില അടയാളങ്ങളെല്ലാമുണ്ടല്ലോ. 8–ന്റേയും അടയാളമുണ്ട്, 108–ന്റേയും അടയാളമുണ്ട്. ഇത് വളരെ ശരിയാണ്. ത്രേതായുഗം അവാനമാകുമ്പോഴേയ്ക്കും ഇത്രയും രാജകുമാരന്മാരും രാജകുമാരിമാരും ഉണ്ടായിരിക്കും. തുടക്കത്തിലുണ്ടാകുകയില്ല. തുടക്കത്തിൽ കുറച്ചേയുണ്ടാകൂ, പിന്നീട് വൃദ്ധി പ്രാപിക്കും. ഇതെല്ലാം ഇവിടെയാണുണ്ടാകുന്നത്, വളരെയധികം അവസരമുണ്ട്. പക്ഷെ പരിശ്രമവും വളരെയുണ്ട്. പാട്ടിലും പറയുന്നുണ്ട് – ഒരിക്കലും കൈ വിടില്ല, മരിച്ചാലും. ബാബ പറയുന്നു – ഇതെല്ലാം നിങ്ങൾക്കു വേണ്ടിയാണ്. കുട്ടികൾ പറയുന്നു–ബാബാ, എന്റെതെല്ലാം അങ്ങയുടെയാണ്. പറയുന്നുമുണ്ടല്ലോ, ഇതെല്ലാം ഭഗവാൻ നൽകിയതാണ്. ഇപ്പോൾ ബാബ പറയുന്നു, ഇതെല്ലാം അവസാനിക്കാൻ പോകുകയാണ്. വിനാശം നടക്കണമല്ലോ. നിങ്ങളുടെ പക്കൽ എന്താണുള്ളത്? ഈ ശരീരവും വിനാശം പ്രാപിക്കും. പിന്നെ ഞാൻ നിങ്ങൾക്ക് വേറെ ശരീരം നൽകും. കേവലം മാറ്റി വാങ്ങിക്കുകയല്ലേ. അതുകൊണ്ട് ബാബ പറയുന്നു – കുട്ടികളേ, അശരീരിയായി മാറൂ. എന്നെ ഓർമ്മിക്കൂ, എല്ലാം സമർപ്പിക്കൂ.

ബാബ പറയുന്നു – ഈ പുരാണങ്ങളുടെ സാരം ഞാൻ നിങ്ങളെ കേൾപ്പിക്കുന്നു. പുരാണങ്ങൾ പഠിച്ചവർക്ക് ഇത് മനസ്സിലാക്കാൻ കഴിയും. ബാബ പറയുന്നു – ഞാൻ ബ്രഹ്മാമുഖത്തിലൂടെ നിങ്ങൾക്ക് പറഞ്ഞു തരികയാണ്, ഞാൻ കല്പം മുമ്പെയും നിങ്ങളെ രാജയോഗം പഠിപ്പിച്ച് രാജാറാണിമാരാക്കി മാറ്റിയിരുന്നു, ഇപ്പോൾ വീണ്ടും ആക്കുകയാണ്. ഒരിക്കലും മനുഷ്യന്, മനുഷ്യനെ ഗീത കേൾപ്പിച്ച്, രാജയോഗം പഠിപ്പിച്ച് രാജാറാണിയാക്കിമാറ്റാൻ കഴിയുകയില്ല. അങ്ങിനെയാണെങ്കിൽ പിന്നെ ഗീത കേൾപ്പിച്ചിട്ടെന്തു കാര്യം! ബാബ പറയുന്നു – ഞാൻ സ്വയം കല്പ–കല്പം വന്ന് നിങ്ങളെ സ്വർഗ്ഗത്തിന്റെ അധികാരികളാക്കി മാറ്റുന്നു. എന്റേതായിമാറിയാലല്ലേ അധികാരിയാക്കാൻ കഴിയൂ. അതുകൊണ്ട് എത്രയും നിങ്ങൾ യോഗത്തിലിരിക്കുന്നുവോ അത്രയും ശുദ്ധമായി മാറിക്കൊണ്ടിരിക്കും. ബാബാ, ഇതെല്ലാം അങ്ങയുടെയാണ്, ഞാൻ ട്രസ്റ്റി മാത്രമാണ്. അങ്ങയുടെ അനുവാദമില്ലാതെ ഞാൻ ഒന്നും ചെയ്യുകയില്ല. എങ്ങിനെ ശരീര നിർവ്വാഹം ചെയ്യണം, അതിനും ബാബയുടെ നിർദ്ദേശമെടുക്കണം. സാധാരണയായി ദരിദ്രരാണ് മുഴുവൻ കണക്കുകളും തരുന്നത്. സമ്പന്നർക്ക് നൽകുവാൻ കഴിയുകയില്ല. സറണ്ടറാകാൻ കഴിയുകയില്ല. അപൂർവ്വം പേർ മാത്രമേ ആകുന്നുള്ളു. ഏതുപോലെ ജനകന്റെ പേരുണ്ടല്ലോ, കുട്ടികളും മറ്റുമുണ്ട്, സ്വത്തുമുണ്ട്, എങ്ങിനെ വേർപെടുത്താൻ കഴിയും. സമ്പന്നർ എങ്ങിനെ സ്വത്ത് വീതിക്കും സറണ്ടറാകാൻ. ബാബയാണെങ്കിൽ ദരിദ്രരുടെ നാഥൻ തന്നെയാണ്. എറ്റവും ദരിദ്രർ മാതാക്കളാണ്, അതിലും അധികം ദരിദ്രർ കന്യകമാരാണ്. കന്യകമാർക്ക് ഒരിക്കലും സമ്പത്തിന്റെ ലഹരിയുണ്ടാകുകയില്ല. ആൺകുട്ടിക്കാണെങ്കിൽ അച്ഛന്റെ സമ്പത്തിന്റെ ലഹരിയുണ്ടായിരിക്കും. അതുകൊണ്ട് അതെല്ലാം ഉപേക്ഷിച്ച് വൈകുണ്ഠത്തിന്റെ സമ്പത്തെടുക്കണം.

ദാനം സദാ ദരിദ്രർക്കാണ് നൽകുക. ഭാരതമാണ് ഏറ്റവും ദരിദ്ര രാജ്യം. അമേരിക്ക വളരെ സമ്പന്ന രാജ്യമാണ്. അവർക്ക് സമ്പത്ത് കൊടുക്കുന്നുണ്ടോ? ഭാരതം ഏറ്റവും സമ്പന്നമായിരുന്നു വേറെ ധർമ്മങ്ങളൊന്നുമുണ്ടായിരിന്നില്ല. കേവലം ഭാരതവാസികൾ മാത്രമേ ഉണ്ടായിരുന്നുള്ളൂ. ഒരു ഭാഷയായിരുന്നു, *ഗോഡ് ഈസ് വൺ.* ഞാൻ ഒരു ഗവൺമെന്റ്, ഒരു മതം, ഒരു ഭാഷയുടെ സ്ഥാപന ചെയ്യുകയാണ്. ഒരു ആൾമൈറ്റി(സർവ്വശക്തമായ) ഗവൺമെന്റിന്റെ സ്ഥാപനചെയ്യുന്നു. ഒന്നിൽ നിന്ന് പിന്നീട് രണ്ടും മൂന്നുമെല്ലാമാകും. ഇപ്പോൾ എത്ര ധർമ്മങ്ങളാണുള്ളത്, വീണ്ടും തീർച്ചയായും ഒരു ധർമ്മമാകുക തന്നെ വേണം. അയ്യായിരം വർഷത്തിന്റെ കാര്യമാണ്. മനുഷ്യർ കരുതുകയാണ് ഇന്നയാൾ മരിച്ച് സ്വർഗ്ഗവാസിയായി, മുകളിൽ പോയി. ദിൽവാഡാ ക്ഷേത്രത്തിലും സ്വർഗ്ഗം മുകളിലാണ് കാണിച്ചിട്ടുള്ളത്. അതുകൊണ്ട് മനുഷ്യർ ആശയക്കുഴപ്പത്തിലാണ്. വാസ്തവത്തിൽ മുകളിൽ ഒരു സ്വർഗ്ഗമൊന്നുമില്ല. നിങ്ങൾ കുട്ടികൾക്കറിയാം ഇപ്പോൾ ബാബയുടെ അടുക്കൽ പോകണം, പിന്നീട് ഇവിടെ വന്ന് രാജ്യം ഭരിക്കണം. ഈ ജ്ഞാനം ബുദ്ധിയിലിരിക്കേണ്ടതാണ്, മറ്റുള്ളവർക്ക് പറഞ്ഞുകൊടുക്കാനും കഴിയണം. പാകപ്പെടാത്തവരെ മായ അങ്ങിനെത്തന്നെ വിഴുങ്ങും. ബാബയുടെ പക്കൽ വാർത്തകൾ വരാറുണ്ട് – ഇന്ന ആൾ ഒരമ്പ് തൊടുത്തു, അത്രമാത്രം ഞാൻ ബാബയുടേതായി മാറി. പുരാണങ്ങളിലും എഴുതിയിട്ടുണ്ട് കുമാരിമാരെക്കൊണ്ട് ബാണം എയ്യിച്ചു. ഇതിനെ ജ്ഞാന ബാണമെന്നാണ് പറയപ്പെടുന്നത്. കേവലം ബാബയുടെ ഓർമ്മ കൊടുക്കണം. അല്ലാതെ സ്ഥൂല ബാണങ്ങളുടെ കാര്യമൊന്നുമല്ല. ഒന്നും തന്നെ അറിയില്ല. മനുഷ്യർക്ക് എന്താണോ തോന്നിയത്, അത് എഴുതിവെച്ചു. വളരെയധികം തെറ്റുകളുണ്ട്. മായാജാലക്കാരും ഒരുപാടുണ്ട്. സത്യം പുറത്തുവരുമ്പോൾ, അസത്യം നേരിടാൻ വരുന്നു. ഇപ്പോൾ നിങ്ങൾ കുട്ടികൾക്കറിയാം, ശിവബാബ നിരാകാരനാണ്, ഈ ബ്രഹ്മാവ് സാകാരിയാണ്. അല്ലാതെ നാഭിയിൽ നിന്ന് പിറന്നു, അങ്ങെനെയുള്ള കാര്യങ്ങളൊന്നുമില്ല. അസത്യം കാരണം, മനുഷ്യർക്ക് സത്യം മനസ്സിലാക്കാൻ കഴിയുന്നില്ല. ഇന്നത്തെ കാലത്ത് ഒന്നാം തരം ഡുപ്ലിക്കേറ്റ് ആഭരണങ്ങളും ലഭ്യമാണ്, ഒറിജിനലിനേയും വെല്ലുന്നതരത്തിലുള്ളവയാണ്. നിങ്ങൾ ആർക്കെങ്കിലും സത്യം കേൾപ്പിക്കുമ്പോൾ അവർക്ക് എരിവ് പോലെയാണ്. എന്താ, അതി സ്നേഹിയായ ബാബയിൽ നിന്ന് സമ്പത്തെടുക്കണമല്ലോ. അദ്ദേഹമെങ്ങിനെ സർവ്വവ്യാപി

യാകും? സർവ്വവ്യാപി എന്നുള്ളതിന് ഒരർത്ഥവും വരുന്നില്ല. *ഗോഡ് ഫാദർ* സ്വർഗ്ഗം രചിക്കുകയാണെങ്കിൽ നമ്മൾ സ്വർഗ്ഗത്തിന്റെ അധികാരികളാകണം. പിന്നെ എങ്ങിനെ ഇത്രയും ദരിദ്രരായി മാറി. നാം ബാബയുടെ കുട്ടികളാണെങ്കിൽ എന്തുകൊണ്ട് നാം സ്വർഗ്ഗത്തിന്റെ അധികാരികളല്ല! എങ്ങിനെ നരകത്തിന്റെ അധികാരിയായി? ഈശ്വരനാണെങ്കിൽ പുതിയ ലോകത്തിന്റെ രചയിതാവാണ്. അല്ലാതെ അവർ പഴയലോകമല്ല രചിക്കുന്നത്. അച്ഛൻ പഴയ വീട് ഉണ്ടാക്കുമോ? നിങ്ങൾ ഇങ്ങിനെയുള്ള ചിന്തനങ്ങൾ ചെയ്യണം. ശരി.

വളരെക്കാലത്തെ വേർപാടിനു ശേഷം തിരിച്ചു കിട്ടിയ മധുര മധുരമായ കുട്ടികൾക്ക് മാതാവും പിതാവുമായ ബാപ്ദാദയുടെ സ്നേഹ സ്മരണകളും സുപ്രഭാതവും. ആത്മീയ അച്ഛന്റെ ആത്മീയ കുട്ടികൾക്ക് നമസ്ക്കാരം.

### ധാരണക്കുള്ള മുഖ്യ സാരം:-

1) മായയുടെ വിഘ്നങ്ങളെ കണ്ട് പേടിക്കരുത്. ബാബയുടെ ഓർമ്മയിലൂടെ സർവ്വ വിഘ്നങ്ങളേയും അകറ്റണം.

2) ബുദ്ധികൊണ്ട് എല്ലാം സമർപ്പിച്ച് അശരീരിയായി മാറി ബാബയെ ഓർമ്മിക്കണം. ജ്ഞാനിതൂ ആത്മാവാകുന്നതിനൊടൊപ്പം തന്നെ തീർച്ചയായും യോഗിയുമായി മാറണം.

## വരദാനം:- എന്റേതെന്ന സ്മൃതിയിലൂടെ സ്നേഹത്തിന്റെയും ദയയുടെയും ദൃഷ്ടി പ്രാപ്തമാക്കുന്ന സമർത്ഥതാ സമ്പന്നരായി ഭവിക്കൂ

ഏത് കുട്ടികളാണോ ബാബയെ തിരിച്ചറിഞ്ഞ് ഒരു പ്രാവശ്യമെങ്കിലും ഹൃദയം കൊണ്ട് എന്റെ ബാബാ എന്ന് പറയുന്നത് അപ്പോൾ തിരിച്ച് ദയയുടെ സാഗരനായ ബാപ്ദാദ ഇങ്ങനെയുള്ള കുട്ടികളെ കോടി മടങ്ങ് ആത്മീയ സ്നേഹത്തോടെ നോക്കുന്നു. ദയയുടെയും സ്നേഹത്തിന്റെയും ആ ദൃഷ്ടി സദാ അവരെ മുന്നോട്ട് നയിക്കുന്നു. ഈ എന്റേതെന്ന ആത്മീയ സ്മൃതി ഇങ്ങനെയുള്ള കുട്ടികൾക്ക് സമർത്ഥത നിറക്കുന്നതിന്റെ ആശീർവ്വാദമായി തീരുന്നു. ബാപ്ദാദയ്ക്ക് വായിലൂടെ ആശീർവ്വാദം നൽകേണ്ടതിന്റെ ആവശ്യകതയില്ല എന്നാൽ സൂക്ഷ്മ സ്നേഹത്തിന്റെ സങ്കൽപത്തിലൂടെ ഓരോ കുട്ടിയുടെയും പാലന നടന്നുകൊണ്ടിരിക്കുന്നു.

## സ്ലോഗൻ:- ആരാണോ ബാബയുടെ സ്നേഹിയായിട്ടുള്ളത്, അവർ മറ്റ് വ്യക്തിയുടെയോ വൈഭവത്തിന്റേയോ സ്നേഹിയായി മാറുകയില്ല.